السنّة النبوية وعلومها
www.sunnah.global

ആരെങ്കിലും അസ്വർ നിസ്കാരം ഉപേക്ഷിച്ചാൽ അവന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമായിരിക്കുന്നു

ബുറൈദഃ ബ്നു ഹുസ്വൈബ് -رَضِيَ اللَّهُ عَنْهُ- നിവേദനം: "അസ്വർ നിസ്കാരം നിങ്ങൾ നേരത്തെയാക്കുക; കാരണം നബി -ﷺ- പറഞ്ഞിട്ടുണ്ട് : "ആരെങ്കിലും അസ്വർ നിസ്കാരം ഉപേക്ഷിച്ചാൽ അവന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമായിരിക്കുന്നു."

[صحيح] [رواه البخاري]

അസ്വർ നിസ്കാരം അതിന്റെ സാധാരണയുള്ള സമയത്ത് നിന്ന് മനപ്പൂർവ്വം വൈകിപ്പിക്കുന്നത് നബി -ﷺ- വിലക്കിയിരിക്കുന്നു. കാരണം ആരെങ്കിലും അസ്വർ നഷ്ടപ്പെടുത്തിയാൽ അവന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമാവുകയും അവ വൃഥാവിലാവുകയും ചെയ്യുന്നതാണ്.

https://sunnah.global/hadeeth/ml/show/6261

النجاة الخيرية
ALNAJAT CHARITY

لجنة الدعوة الإلكترونية
EDC E-Da'wah Committee